മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇതിലെ ഉത്തരംകണ്ടപ്പോൾ നാലുമന്ത്രിമാർക്കും കൂടിയുള്ള കപാർട്ടേഴ്സ് ഇതിലടങ്ങുമെന്നു് വിചാരിച്ചു. രാമമന്ദിരത്തിൽ താമസിക്കുന്ന മന്ത്രിമാരൊഴിച്ചു് ബാക്കി മന്ത്രിമാർക്കു് താമസിക്കുവാനുള്ള സ്ഥലം അകപയർ ചെയ്യുന്നതു് ഏതാണെന്നു് അറിഞ്ഞാൽ കൊള്ളാം. Now since you say that it is only one Government quarters to house only one of the Ministers, may I know where the other Ministers are put up?

Mr. President: Order, order. This question relates to the amount spent for improvements to the Ministers' quarters in 1120 and 1121. It does not refer to the present Ministers. I do not think that the supplementary question arises out of this.

മിസ്റ്റർ പി. മാണി: ഈ പതിനയ്യായിരം ഉറപ്പിക ക ക വ ക-ൽ കൺസ്ട്രക്ഷനു വേണ്ടി ചിലവാക്കിയതാണോ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: അവിടെ നന്നാക്കുവാനും, അതിനുവേണ്ട സാമാനങ്ങൾ വാങ്ങിക്കുവാനും മറ്റുമായിരിക്കും.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I take it, Sir, that the other Ministers also will necessarily be supplied with the sort of building whose cost is mentioned here, consistently with the dignity of our Minister?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: അതിപ്പോൾ ആലോചിച്ചിട്ടില്ല.

Mr. P. Govinda Menon *(Minister for Food and Education)*: Not necessarily. It may or may not be of equal value.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: All the Ministers may not be of the same capacity, but they being our Ministers can any differential treatment be made....

Mr. Presidnt: Order, order. I suggest that the only way to solve the problem is for the Government to build four houses exactly of the same pattern. It is not a difficult thing.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Yes. It is.

FIELD OFFICERS—APPOINTMENT FROM DEPRESSED CLASSES

103. മിസ്റ്റർ കെ. കെ. കണ്ണൻ: ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും താഴെ പറയുന്ന ചോദ്യങ്ങൾക്കു സദയം മറുപടി പറയുമോ.—

(എ) ഫുഡ് സപ്ലൈ വകുപ്പിൽ അധഃകൃതരിൽനിന്നു് എത്രപേരെയാണു് ഫീൽഡാപ്പീസ്സർമാരായി നിയമിച്ചിട്ടുള്ളതു്;

(ബി) അവർ ആരെല്ലാമാണു്;

(സി) ഓരോരുത്തരും ഏതെല്ലാം സമുദായങ്ങളിൽ ഉള്ളവരാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഒരാൾ.

(ബി) ടി. ടി. സുബ്രഹ്മണ്യൻ.

(സി) പെരുമണ്ണാൻ.

മിസ്റ്റർ കെ. കെ. കണ്ണൻ: പെരുമണ്ണാൻ സമുദായത്തെ അധഃകൃതരുടെ ലിസ്റ്റിൽപെടുത്തീട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ: അധഃകൃതരുടെ ലിസ്റ്റിൽ പെടുത്തീട്ടുണ്ടെന്നു തീർച്ചയാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയാണെന്നാണു് എന്റെ ധാരണ. അതു തെറ്റാണെന്നുണ്ടെങ്കിൽ സി, ബി ഉത്തരങ്ങൾ മാറേണ്ടിവരുമെന്നേയുള്ളു. പെരുമണ്ണാൻ സമുദായത്തിൽനിന്നു് ഒരാളെ വെച്ചിട്ടുണ്ടു്. അതു് അധഃകൃതരുടെ ലിസ്റ്റിൽപെട്ട ആളാണെന്നു വിചാരിച്ചാണു് മറുപടിയിൽ പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: തെറ്റാണെങ്കിൽ അതു് ഇനിതിരുത്താമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ Questions & Answers-ൽ തിരുത്തേണ്ട ആവശ്യമുണ്ടെന്നു ഞാനുന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡീവർ: ഇവരുടെ സമുദായത്തിൽ ഫീൽഡ് ആപ്പീസർമാർ ഇല്ലായെന്നുള്ളതു് തീക്കുവാൻ കഴിയുമോയെന്നാണു് ചോദിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതു് സ്റ്റാഫ് സിലക്ഷൻ ബോർഡിന്റെ റേഷ്യോ അനുസരിച്ചു് ഒരു സമുദായത്തിനു് കിട്ടേണ്ട എല്ലാതരം ഉദ്യോഗങ്ങളും ഒന്നിച്ചാണു് കണക്കാക്കുന്നതു്. അല്ലാതെ ഫീൽഡാപ്പീസ്സർ എന്ന ഒരു ഉദ്യോഗത്തിനു് പ്രത്യേകതയില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഒരു പ്രൊമോഷൻ മൂലം കൊടുക്കുവാൻ ആലോചിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ആലോചിക്കാം.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: വേറെ ഡിപ്പാർട്ടുമെണ്ടിലുള്ള ആളുകൾക്കു് ഈ ഡിപ്പാർട്ടുമെണ്ടിൽ ഫീൽഡാപ്പീസർമാരാകുവാൻ വിരോധമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ചെയ്യുവാൻ വിരോധമില്ല. പക്ഷെ ഫീൽഡാഫീസർമാക്കു് ഒരു മാസത്തെ ട്രെയിനിംഗു വേണം. അങ്ങിനെയുള്ളവരെയാണു് ഫീൽഡാഫീസർമാരായിട്ടു് എടുക്കുന്നതു്. ഇതിനു വിപരീതമായിട്ടു ചെയ്യുകയാണെങ്കിൽ ഒരുപക്ഷെ ഇതു് ഡിപ്പാർട്ടുമെണ്ടിന്റെ പ്രവൃത്തിക്കു തടസ്സം വന്നുവെന്നുവരാം. ഇനി ട്രെയിനിംഗിനു് എടുക്കുമ്പോൾ ഈകാര്യം ആലോചിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: ഇപ്പോൾ ട്രെയിനിംഗിനു് എടുത്തിട്ടുള്ളവരിൽ വല്ലവരുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോഴില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇപ്പോൾ എത്ര ആളുകളെ ട്രെയിനിംഗിനു് എടുത്തിട്ടുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോൾ രണ്ടുപേരെ എടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഇനി ട്രെയിനിംഗിനു് എടുക്കുമ്പോൾ അധഃകൃതരുടെ കാര്യം ആലോചിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇനി ട്രെയിനിംഗിനു് അയക്കുമ്പോൾ ആലോചിക്കാം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: യുദ്ധം കഴിഞ്ഞിട്ടും ഫീൽഡാഫിസർമാരുടെ ട്രെയിനിംഗ്മെറ്റീരിയൽ നിർത്താറായിട്ടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തോക്കും, വാളും കൊണ്ടുള്ള യുദ്ധം മാത്രമേ കഴിഞ്ഞിട്ടുള്ളു. ഇനിയും യുദ്ധങ്ങൾ വേറെയുണ്ടു്. ആ യുദ്ധം നടത്തണമെങ്കിൽ ഇങ്ങിനെയുള്ള ട്രെയിനിംഗും മറ്റുംകൂടാതെ നവ്വത്തിയില്ല. ഭക്ഷണക്ഷാമം നിലനില്ക്കുന്നിടത്തോളംകാലം ഇതൊന്നും നിറുത്തുവാൻ പാടില്ല.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: ഫീൽഡാഫീസർമാരുടെ ട്രെയിനിംഗിനു സ്ത്രീകളെ എടുക്കുവാൻ പാടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു് തടസ്സമായിട്ടുള്ള നിയമങ്ങളൊന്നുമില്ല. പക്ഷെ അതിനു സന്നദ്ധതയുള്ള സ്ത്രീകൾതന്നെയുണ്ടോ എന്നു സംശയമാണു്.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: അങ്ങിനെ സ്ത്രീകളെ നിയമിക്കാമെന്നുണ്ടെങ്കിൽ കുറെക്കൂടി ഭംഗിയായി ജോലി നടക്കുകയില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിലേക്കു് ശേഷിയും സന്നദ്ധതയുമുള്ളവരായ സ്ത്രീകൾ വരികയാണെങ്കിൽ എടുക്കാൻ വിരോധമില്ല.

LOWER CLASSES—VADAKKANCHERI HIGH SCHOOL

104. Mr. K. Balakrishna Menon *(Cheruthuruthi)*: Will Government be pleased to state.—

(*a*) if they are aware that the Lower Classes in the Vadakkancheri School are held in shifts for want of accommodation;

(*b*) what action has been taken by the Government to relieve the conjestion;

(*c*) if the High School has sufficient playground?

Rao Sahib K. Ayyappan *(Minister for Public Works)*:

(*a*) Yes.

(*b*) The question of providing additional accommodation is engaging the attention of the Government. In the meantime, arrangements are being made to hold some of the classes in the

LIBRARY ARCHIVES Kerala Legislative Assembly